**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4549** **29-10-2021 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര ധനസഹായം ലഭിക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനത്തിനുള്ളിലെ സെറ്റിൽമെന്റുകളിൽ അധിവസിക്കുന്നവരെ പുനരധിവസിപ്പിക്കുന്ന പദ്ധതിയും സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്ന പദ്ധതിയും ഒരേതരത്തിൽ കേന്ദ്ര ധനസഹായം ലഭിക്കുന്ന പദ്ധതികൾ ആണോ; വിശദാംശം നൽകുമോ? | (എ) | വയനാട് വന്യജീവി സങ്കേതത്തിനുള്ളിലെ 14 സെറ്റിൽമെന്റുകളിൽ അധിവസിക്കുന്ന 800 കുടുംബങ്ങളെ വനത്തിന് പുറത്തേക്ക് മാറ്റി താമസിപ്പിക്കുന്നതിനുള്ള 80 കോടി രൂപയുടെ കേന്ദ്ര ധനസഹായത്തോടുകൂടിയുള്ള സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി 2011-12 മുതൽ നടന്നു വരുന്നു. യോഗ്യതയുള്ള ഓരോ കുടുംബത്തിനും 10 ലക്ഷം രൂപ വീതം സാമ്പത്തിക സഹായം നൽകിയാണ് പദ്ധതി നടപ്പാക്കുന്നത്. ഈ പദ്ധതിക്കായി ഇതുവരെ 38.94 കോടി രൂപ അനുവദിച്ചതിൽ 37.96 കോടി രൂപ ചിലവഴിച്ചിട്ടുണ്ട്. കൂടാതെ, സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെ നടപ്പിലാക്കി വരുന്ന റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി വനം വകുപ്പിന് കീഴിൽ നടപ്പിലാക്കി വരുന്ന പദ്ധതിക്ക് 14.11.2019-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) 483/2018/പി&ഇഎ നമ്പർ പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ കീഴിൽ വരുന്ന ഉപപദ്ധതികളാണ് സ്വകാര്യ സെറ്റിൽമെന്റുകളുടെ പുനരധിവാസവും (291.96 കോടി രൂപ), സ്വകാര്യ എസ്റ്റേറ്റുകളുടെ ഏറ്റെടുക്കലും (385.31 കോടി രൂപ). ഇതിനു പുറമേ, കേരളത്തിലെ വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസി ഇതര കുടുംബങ്ങളുടെ ഭൂമി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിന് 23.01.2020-ലെ ജി.ഒ (എം.എസ്) 2/2020/വനം വന്യജീവി, 02.08.2021-ലെ ജി.ഒ (എം.എസ്) 12/2021/വനം വന്യജീവി എന്നീ ഉത്തരവുകൾ പ്രകാരം കിഫ്ബി പദ്ധതിയ്ക്കും (75.15 കോടി രൂപ) അനുമതി ലഭിച്ചിട്ടുണ്ട്. സ്വയം സന്നദ്ധമാകുന്ന ഒരു അർഹമായ കുടുംബത്തിന് 15 ലക്ഷം രൂപ എന്ന നിരക്കിൽ നൽകി റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിക്ക് കീഴിൽ 4 വനം ഡിവിഷനുകളിലെ 22 സെറ്റിൽമെന്റുകളിലായി 677 |

| | | | |
|---|---|---|---|
| | | | ആദിവാസി ഇതര കുടുംബങ്ങളുടെയും, കിഫ്ബി പദ്ധതിയിൽ 3 വനം ഡിവിഷനുകളിലെ 10 സെറ്റിൽമെന്റുകളിലായി 501 ആദിവാസി ഇതര കുടുംബങ്ങളെയും വനത്തിന് പുറത്തേക്ക് മാറ്റി പാർപ്പിക്കുന്നതാണ് ഇതിലൂടെ ലക്ഷ്യമാക്കുന്നത്. റീബിൽഡ് കേരള ഡവലപ്പ്മെന്റ് പദ്ധതിയിൽ (RKDP) ഉൾപ്പെട്ടിട്ടുള്ള ഉപപദ്ധതിയാണ് സ്വകാര്യ എസ്റ്റേറ്റുകളുടെ ഏറ്റെടുക്കൽ. വനത്തിനകത്ത് സ്ഥിതി ചെയ്യുന്ന സ്വകാര്യ എസ്റ്റേറ്റുകൾക്ക് അർഹമായ നഷ്ടപരിഹാരം നൽകി ഏറ്റെടുത്ത് സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനമാണ് പദ്ധതി വഴി ലക്ഷ്യമാക്കുന്നത്. ആദ്യഘട്ടത്തിൽ 6 ഡിവിഷനുകളിലായി 13 എസ്റ്റേറ്റുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രൈജൈൽ ലാന്റ്സ്) ആക്ട്, 2003 സെക്ഷൻ 4(1) പ്രകാരം നഷ്ടപരിഹാരം നൽകിയോ, റൈറ്റ് റ്റു ഫെയർ കോമ്പൻസേഷൻ & ട്രാൻസ്പെരൻസി ഇൻ ലാന്റ് അക്വിസേഷൻ, റിഹാബിലിറ്റേഷൻ & റീസെറ്റിൽ മെന്റ് ആക്ട് 2013 പ്രകാരമോ സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ